# കേരള സർവകലാശാല

## പരീക്ഷാ ഫലപ്രഖ്യാപനം:
## വാർത്തകൾ വസ്തുതാ വിരുദ്ധം

കേരളാ സർവകലാശാലയുടെ പരീക്ഷാ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ആശങ്കകൾ ജനിപ്പിക്കുന്ന തരത്തിലുളള വാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് സർവകലാശാല അറിയിച്ചു.

ഏപ്രിൽ 25 ന് ആരംഭിക്കുകയും മേയ് 11 ന് അവസാനിക്കുകയും ചെയ്ത പരീക്ഷകളിൽ ബി.എസ്.സി, ബി.കോം കോഴ്സുകളുടെ വൈവ/പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 18 നാണ് പൂർത്തിയായത്. ഇതിൽ ബി.കോം പരീക്ഷാഫലം ജൂൺ 20 നും ബി.എസ്.സി ഫലം ജൂൺ 21 നും ബി.എ ഫലം ജൂൺ 22 നും പ്രസിദ്ധീകരിച്ചു. കേരളത്തിന് പുറത്ത് ഉപരിപഠന സാദ്ധ്യത അറിയിച്ച എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ അവസരം നഷ്ടപ്പെടാത്ത രീതിയിൽ തന്നെ കോൺഫിഡ്യൻഷ്യൽ മാർക്ക്ലിസ്റ്റുകൾ യൂണിവേഴ്സിറ്റി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്..

പരീക്ഷാമൂല്യനിർണയത്തിൽ യു.ജി.സി വരുത്തിയ മാറ്റങ്ങൾ മൂലം അഞ്ചാം സെമസ്റ്റർ പരീക്ഷാ ഫലം വൈകി എങ്കിലും ആറാം സെമസ്റ്ററിനോടൊപ്പം തന്നെ അവ പ്രസിദ്ധീകരിക്കാൻ യൂണിവേഴ്സിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. മുൻ കാലങ്ങളിലേതു പോലെ പിശകുകൾ കണ്ടെത്തിയ പരീക്ഷാഫലങ്ങളാണ് പരീക്ഷാ വിഭാഗം തടഞ്ഞു വച്ചത്. പിശകുകൾ പരിഹരിക്കുന്ന മുറയ്ക്ക് അവ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും ഭീതിയും ആശങ്കയും ജനിപ്പിക്കത്തക്കവിധത്തിൽ വസ്തുതാ വിരുദ്ധ വാർത്തകൾ പ്രചരിപ്പിക്കരുതെന്ന് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം.

28.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098